**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 256** **27-01-2026 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ടുള്ള ദേശീയ സൂചിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് ഏതെല്ലാം ദേശീയ സൂചികകളിലാണ് കേരളം ഒന്നാം സ്ഥാനത്ത് എത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് നിരവധി പ്രധാന സൂചികകളിൽ കേരളം ഒന്നാം സ്ഥാനത്ത് എത്തിയിട്ടുണ്ട്. പ്രധാന ദേശീയ സൂചികകളും അവയുമായി ബന്ധപ്പെട്ട വിശദീകരണവും ചുരുക്കമായി ചുവടെ ചേർക്കുന്നു.<br><br><u>ദേശീയ ഇൻഡക്സുകളിൽ ഒന്നാം സ്ഥാനം.</u><br><br>NITI Aayog State Health Index (Health Outcomes, Governance, Key Processes എന്നിവ ഉൾപ്പെടുന്ന ആരോഗ്യ പ്രകടന സൂചികയിൽ വലിയ സംസ്ഥാനങ്ങളെ അപേക്ഷിച്ച് തുടർച്ചയായി നാല് റിപ്പോർട്ട് റൗണ്ടുകളിലും (മെച്ചപ്പെട്ട ആരോഗ്യ ഫലങ്ങൾ, ഭരണം, പ്രോസ്സസ് സൂചികകൾ) കേരളം ഒന്നാം സ്ഥാനം നേടിയിട്ടുണ്ട്<br><br>* NITI Aayog പുറത്തിറക്കുന്ന SDG India Index ൽ SDG 3 (Good Health & Well-being) സൂചികയിൽ ആദ്യ രണ്ടു റിപ്പോർട്ടുകളിൽ കേരളം ദേശീയതലത്തിൽ ഒന്നാം സ്ഥാനം കൈവരിച്ചിട്ടുണ്ട്.<br><br>* മുഴുവൻ SDG കളുടെ സംയുക്ത സ്കോറിൽ (overall SDG composite index) കേരളം തുടർച്ചയായി രാജ്യത്തിൽ ഒന്നാം സ്ഥാനം നിലനിർത്തുന്നു. ഇതിൽ ആരോഗ്യ മേഖലയിലെ മികച്ച പ്രകടനവും ഉൾപ്പെട്ടിരിക്കുന്നു. കൂടാതെ വ്യക്തിഗത ആരോഗ്യ സൂചികകളിൽ (SDG 3 ബന്ധപ്പെട്ട്) ദേശീയതലത്തിൽ ഒന്നാം സ്ഥാനംവും കൈവരിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ NITI Aayog ന്റെ SDG 3 ഇൻഡക്സ് പ്രകാരം, താഴെ പറയുന്ന പ്രത്യേക ആരോഗ്യ സൂചികകളിൽ കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്ത് എത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |

* Maternal Mortality Rate (MMR) - മാതൃമരണ നിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനം

* Under 5 Mortality Ratio (U5MR) - അഞ്ചു വയസ്സിന് താഴെയുള്ള ശിശുമരണ നിരക്ക് (Under 5 Mortality) ഏറ്റവും കുറവുള്ള സംസ്ഥാനം.

*HIV Incidence - പുതിയ HIV ഇൻഫെക്ഷൻ നിരക്ക് (incidence) ഏറ്റവും കുറഞ്ഞ സംസ്ഥാനങ്ങളിലെ SDG 3 സൂചികയിൽ കേരളം ഒന്നാമതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

* Life Expectancy at birth - ജനന സമയം പ്രതീക്ഷിക്കാവുന്ന ആയുസ് (Life Expectancy) ദേശീയ ശരാശരിയെക്കാളും ഏറെ ഉയർന്നതും, SDG 3 ഇൻഡക്സിൽ ഈ സൂചികയിൽ കേരളം ഒന്നാം സ്ഥാനത്തുമാണ്. കൂടാതെ Health worker density പരിശോധിക്കുകയാണെങ്കിൽ ജനസംഖ്യയ്ക്ക് ആനുപാതികമായ ആരോഗ്യപ്രവർത്തകരുടെ സാന്ദ്രത (ഡോക്ടർമാർ, നഴ്സുമാർ തുടങ്ങിയവരുടെ എണ്ണം/10,000 population) ഏറ്റവും ഉയർന്ന സംസ്ഥാനമായി കേരളം ഒന്നാം സ്ഥാനത്താണ്.

മറ്റ് പ്രധാന മികച്ച സൂചികകൾ

* Infant Mortality Rate (IMR)- ശിശുമരണ നിരക്ക് ദേശീയതലത്തിൽ ഏറ്റവും കുറവുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.

* Total Fertility Rate (TFR) പുനഃരുത്പാദന നിലയിൽ (replacement level) താഴെയായി വളരെ നേരത്തെയെത്തിയ സംസ്ഥാനമായി. MDG/SDG ലക്ഷ്യങ്ങൾ ആരോഗ്യമേഖലയിൽ ഏറ്റവുമാദ്യം കൈവരിച്ച സംസ്ഥാനത്തിലൊന്നായി ദേശീയ റിപ്പോർട്ടുകളിൽ പരാമർശമുണ്ട്. കേരളം SDG 3 ൽ 11 സൂചികകളിൽ 5 എണ്ണത്തിൽ (MMR, U5MR, HIV incidence, Life Expectancy, Health worker density) 2023-24 ൽ തുടർന്നും ഒന്നാം സ്ഥാനം നിലനിർത്തിയെങ്കിലും മൊത്തം സ്കോറിൽ നാലാം സ്ഥാനത്താണ്. (പുതിയ സൂചികകൾ suicide rate: 28.5/lakh, accident death എന്നിവ കാരണം) NITI Health Index 2020-21 larger states ൽ absolute performance ൽ ഒന്നാമതാണ് കേരളം.

* ക്ഷയരോഗ ബാധിതരുടെ എണ്ണത്തിൽ ഏറ്റവും കുറവ് രോഗികളുടെ എണ്ണത്തിൽ സംസ്ഥാനങ്ങളുടെ തലത്തിൽ 2021 ലും 2022 ലും ഏറ്റവും ഉയർന്ന അവാർഡ് ലഭിച്ചത് കേരളത്തിനാണ്.

| | | | |
|---|---|---|---|
| | | | 1. ആശുപത്രിയിലെ പ്രസവം - പ്രസവ സമയത്ത് പ്രൊഫഷണൽ പരിചരണം ഉറപ്പാക്കികൊണ്ട് സംസ്ഥാനത്ത് ഏതാണ്ട് , സാർവ്വത്രികമായ ആശുപത്രി പ്രസവം (Institutional Deliveries) 99.85% ആയി നിലനിർത്തുന്നു.<br><br>2. എച്ച്.ഐ.വി ബാധിതരുടെ എണ്ണം - 1,000 പേരിൽ 0.01 ആയി എച്ച്.ഐ.വി ബാധിച്ചിട്ടില്ലാത്തവരെ കുറയ്ക്കുന്നതിൽ കേരളം പുരോഗതി കൈവരിച്ചു. കഴിഞ്ഞ സൂചിക റൗണ്ടിൽ ഇത് 0.02 ആയിരുന്നു.<br><br>3. ആരോഗ്യ പ്രവർത്തക സാന്ദ്രത - ഏറ്റവും ഉയർന്ന തൊഴിൽ മെഡിക്കൽ സാന്ദ്രത കേരളത്തിലാണ്. 10,000 ജനസംഖ്യയിൽ 144 ഫിസിഷ്യൻമാർ, നഴ്സുമാർ, മിഡ് വൈഫുകൾ എന്നിവരാണുള്ളത്. മുൻ റൗണ്ടിൽ ഇത് 115 ആയിരുന്നു. |
| (ബി) | ഒന്നാം സ്ഥാനത്ത് എത്തിച്ചേരുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വിവരിക്കാമോ? | (ബി) | കേരളത്തിലെ ശിശുമരണ നിരക്ക് കുറച്ചു കൊണ്ടുവരുന്നതിനും , അതുവഴി യു.എസ്സ്.എ യുടെ ശിശുമരണ നിരക്കായ 5.6 നേക്കാളും കുറഞ്ഞ നിരക്ക് കൈവരിക്കുന്നതിനും കേരളത്തെ നയിച്ചത് അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും ആരോഗ്യസംരക്ഷണത്തിൽ വന്ന പുതിയ മാറ്റങ്ങളും ആയതിന് സഹായകമായത് ഹൃദ്യം, ശലഭം, അമ്മയും കുഞ്ഞും പദ്ധതി, ക്രിട്ടിക്കൽ ന്യൂബോൺ കെയർ, SNCU, NBSU, NBCC, NRC, Mother and Baby Friendly Hospital Initiative, MUSQAN, KARE തുടങ്ങിയ നൂതന പദ്ധതികളുമാണ്.<br><br>മാതൃ ശിശു മരണ നിരക്ക് കുറയ്ക്കുന്നതിനായി ആരോഗ്യ വകുപ്പും, നാഷണൽ ഹെൽത്ത് മിഷനും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് IAP, KFOG എന്നീ പ്രൊഫഷണൽ ഓർഗനൈസേഷൻസിന്റെ സാങ്കേതിക സഹകരണത്തോടെ പ്രവർത്തന പദ്ധതി തയ്യാറാക്കി കേരളത്തിലെ പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലും നടപ്പിലാക്കി വരുന്നു. ഗർഭിണികൾക്കും, നവജാത ശിശുക്കൾക്കും മികച്ച പരിചരണം ലഭ്യമാക്കുന്നതിനായി ലക്ഷ്യ പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ ദേശീയ പ്രതിരോധ കുത്തി വയ്പ്പ് പദ്ധതി. (NIP), പ്രജനന ശിശു ആരോഗ്യ പദ്ധതി(RCH), പകർച്ച വ്യാധി നിയന്ത്രണ പദ്ധതികൾ, പോഷക ആഹാര പദ്ധതികൾ, ശുചിത്വ അവബോധം വർദ്ധിപ്പിക്കുന്നതും സൗകര്യങ്ങൾ ഒരുക്കുന്നതുമായ പദ്ധതികൾ, വിളർച്ച രോഗ നിയന്ത്രണ പദ്ധതി, ത്രിതല ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി, വിവര സാങ്കേതിക വിദ്യകളുടെ ശരിയായ |

| | | | |
|---|---|---|---|
| | | | ഉപയോഗം, പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനുള്ള പദ്ധതികൾ എന്നിവയും കേരളത്തെ ഒന്നാം സ്ഥാനത്ത് എത്തിച്ചേരുന്നതിനായി സഹായിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ